"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/300/2025-തസ്വഭവ**
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-09-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാർട്ടപ്പുകളിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ സ്റ്റാർട്ടപ്പ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.2/2022/എസ്.പി.ഡി; തീയതി 05.07.2022
2. സ.ഉ.(അച്ചടി) നം.5/2023/എസ്.പി.ഡി; തീയതി 22.05.2023
3. 05.08.2023ലെ ഡിഎ1/246/2023-തസ്വഭവ നമ്പർ സർക്കാർ കത്ത്
4. കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.08.2025ലെ KSUM/596/2025 നമ്പർ കത്ത്

**********************

കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത യുണീക്ക് ഐ.ഡി.യുള്ള സ്റ്റാർട്ടപ്പുകളിൽ നിന്നും 50 ലക്ഷം രൂപ വരെയുള്ള direct purchase ഉം, 3 കോടി രൂപ വരെയുള്ള limited tender പർച്ചേസും നടത്താൻ സർക്കാർ വകുപ്പുകൾക്ക് അനുമതിയുണ്ട്. സ്റ്റാർട്ടപ്പ് രജിസ്ട്രേഷൻ തീയതി മുതലുള്ള 3 വർഷമോ, ഉൽപ്പന്നത്തിന് സ്റ്റാർട്ടപ്പ് മിഷൻ അംഗീകാരം നൽകിയ തീയതി മുതൽ 3 വർഷമോ ആണ് ഇപ്രകാരം ഇളവ് ബാധകമാകുന്നത്. മേൽ ഇളവ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കും ബാധകമാണെന്ന് സൂചന 3 കത്ത് പ്രകാരം വ്യക്തമാക്കിയിരുന്നു.

നിലവിൽ സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള വാങ്ങൽ നടപടിക്രമം ചുവടെ പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

1. സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത യുണീക്ക് ഐ.ഡി.യുള്ള സ്റ്റാർട്ടപ്പുകളിൽ നിന്നുമുള്ള പ്രൊപോസൽ വകുപ്പിന് ലഭിക്കുന്നു.
2. പ്രസ്തുത പ്രൊപോസൽ വകുപ്പ് തലത്തിൽ പരിശോധിച്ചതിന് ശേഷം തുടർനടപടികൾക്കായി കേരള സ്റ്റാർട്ടപ്പ് മിഷന് ഇമെയിൽ മുഖേന കൈമാറുന്നു (gokprojects@startupmission.in).
3. കേരള സ്റ്റാർട്ടപ്പ് മിഷൻ അത് പരിശോധിച്ചതിന് ശേഷം, പ്രസ്തുത പ്രൊപ്പോസൽ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കുന്നു.

4. സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രൊക്യുർമെന്റ് കമ്മിറ്റി, സ്റ്റാർട്ടപ്പ് പ്രൊക്യൂർമെന്റ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രൊപോസൽ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നു.

സ്റ്റാർട്ടപ്പ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം മേൽ ആനുകൂല്യത്തിനായി സ്റ്റാർട്ടപ്പ് കമ്പനി വാഗ്ദാനം ചെയ്യുന്ന സേവനം/ ഉൽപ്പന്നം നൂതനമോ, അതുല്യമോ, സാങ്കേതികവിദ്യാധിഷ്ഠിതമോ ആയിരിക്കണമെന്നുണ്ട്. സർക്കാർ രൂപീകരിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വർക്ക് ഓർഡറുകൾ നൽകുന്നതിനും അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകളിൽ നിന്നും വാങ്ങൽ നടത്തിയപ്പോൾ ഈ പ്രക്രിയ പാലിക്കപ്പെട്ടിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഇളവ് അനുവദിച്ചുകൊണ്ടുള്ള സ്റ്റോഴ്സ് പർച്ചേസ് വകുപ്പിന്റെ സൂചിത ഉത്തരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മാനിക്കുന്നതിന്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാർട്ടപ്പുകളിൽ നിന്നും ഉൽപ്പന്നങ്ങൾ / സേവനങ്ങൾ വാങ്ങുന്ന അവസരങ്ങളിലെല്ലാം, വാങ്ങൽ നടപടിക്രമങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷനെ കൂടി ഉൾപ്പെടുത്തണമെന്നും, മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിച്ച്, സർക്കാർ രൂപീകരിച്ച പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വർക്ക് ഓർഡറുകൾ നൽകാവൂ എന്നും, എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും

16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 25-09-2025 11:14:34

സെക്ഷൻ ഓഫീസർ.